കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി ജല സംരക്ഷണത്തിനായി ജലസേചനവും ഭരണവും കാര്യാലയത്തിനുകീഴിൽ പൂർത്തിയാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. കേരള ജല അതോറിറ്റിയെ സംബന്ധിച്ച് എൻമകജെ കടിവെള്ള പദ്ധതിയുടെ ഭാഗമായി അടുക്കസ്ഥലയിൽ 4 മീറ്റർ ഉയരത്തിലും 50 മീറ്റർ നീളത്തിലും സ്ഥിരം തടയണ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ എത്രത്തോളം ഗുണകരമായിരുന്നുവെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ജലസേചനവും ഭരണവും കാര്യാലയത്തിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ അതാത് പ്രദേശങ്ങളിൽ ജലസേചനം, ജലസംരക്ഷണം, കടിവെള്ളം, കാർഷിക ഉല്പന്നങ്ങളുടെ വിപണനം, ഗ്രൗണ്ട് വാട്ടർ റീചാർജിംഗ് എന്നിവയ്ക്ക് ഉപയോഗപ്രദമാകുന്നുണ്ട്. പദ്ധതി പൂർത്തീകരണത്തിനുശേഷം പ്രയോജനങ്ങൾ കണ്ടെത്തുവാൻ പ്രത്യേകം പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എങ്കിലും വിഭാവനം ചെയ്യുകാര്യങ്ങളിൽ പ്രയോജനം ലഭിക്കുന്നുണ്ട്. കേരള ജല അതോറിറ്റി അടുക്കസ്ഥലയിൽ എൻമകജെ കടിവെള്ള പദ്ധതിവഴി എൻമകജെ പഞ്ചായത്തിനും അനുബന്ധ വില്ലേജുകൾക്കും കടിവെള്ള പദ്ധതിക്കാവശ്യമായ ജലം സംഭരിക്കാൻ കഴിയുന്നുണ്ട്.

**കൊടുവള്ളി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

205 (6143) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

ഭൂജല വകുപ്പ് മുഖേന കൊടുവള്ളി മണ്ഡലത്തിൽ നരിക്കുനി പഞ്ചായത്തിൽ പാലങ്ങാട് സബ് സെന്ററിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതി നടപ്പിലാക്കിവരുന്നു. ഐ.ഡി.ആർ.ബി.-യുടെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കൊള്ളിക്കൽ റിവർഗേജ് സ്റ്റേഷന്റെ 8,20,000 രൂപയുടെ പുനരുദ്ധാരണ പ്രവൃത്തി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

2. കൂടത്തായി റിവർഗേജ് സ്റ്റേഷന്റെ 11,57,000 രൂപയുടെ പുനരുദ്ധാരണ പ്രവൃത്തി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കെ.ആർ.ഡബ്ല്യു.എസ്. മുഖേന സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൊടുവള്ളി, കിഴക്കോത്ത്, മടവൂർ, നരിക്കുനി, ഓമശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജലനിധി ഒന്നാംഘട്ടത്തിലെ 51 പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്തിരുന്നു. അതിൽ കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ 10 പദ്ധതികളും കിഴക്കോത്ത്-9 പദ്ധതികളും മടവൂർ-11 പദ്ധതികളും ഓമശ്ശേരി - 11 പദ്ധതികളും 2020-21 കാലയളവിനുള്ളിൽ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി. മേൽ സൂചിപ്പിച്ചവയ്ക്കുപുറമെ നരിക്കുനി പഞ്ചായത്തിലെ 2 പദ്ധതികൾ, ഓമശ്ശേരി പഞ്ചായത്തിലെ 8 പദ്ധതികൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി 2021-22 സാമ്പത്തിക വർഷം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊടുവള്ളി മണ്ഡലത്തിൽ ജലസേചനവും ഭരണവും വിഭാഗവും കേരള വാട്ടർ അതോറിറ്റിയും നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (എ) ആയി * ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ പൂവ്വാറമല കോളനി, ഐ.എച്ച്.ഡി.പി. കോളനി എന്നിവിടങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കൊടുവള്ളി മണ്ഡലത്തിൽ ജലസേചനവും ഭരണവും വിഭാഗത്തിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

**കോട്ടയ്ക്കൽ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ**

206 (6144) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയ്ക്കൽ നഗരസഭയിലും കുറ്റിപ്പുറം പഞ്ചായത്തിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly